# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2017

## 16-08-2017 ൽ മറുപടിക്ക്

## നേമം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ. ഒ. രാജഗോപാൽ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) നേമം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | ഇതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികളിൽ 2017 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 136 ാം ഖണ്ഡികയിൽ 20 ാം ഇനമായി 200 കോടി രൂപ മുതൽമുടക്കുള്ള നേമം നിയോജക മണ്ഡലത്തിലെ "കരമന – കളിയിക്കാവിള രണ്ടാം ഘട്ടം" ( പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെ) ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി ബന്ധപ്പെട്ട ഭരണവകുപ്പ് സമർപ്പിച്ച 162.46 കോടി രൂപയുടെ ഡി.പി.ആർ 7.11.2016 ൽ കൂടിയ കിഫ് ബോർഡിന്റെ 27ാം ബോർഡ് യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നബാർഡിന്റെ NIDA Assistance സ്കീമിൽ ഉൾപ്പെടുത്തി കിഫ്ബിയിലൂടെ ഈ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) ഈ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br>(സി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് എന്നറിയിക്കാമോ ? | കിഫ്ബി ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന പദ്ധതികൾ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി 8.8.2016 ലെ സ.ഉ.(കൈ)നം. 315/16/ധന ഉത്തരവ് പ്രകാരം യോഗ്യമായ പദ്ധതികളെ വരും കിഫ്ബോർഡ് യോഗങ്ങളിൽ സമർപ്പിക്കുകയും, കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾകളുടെ നിർവ്വഹണ ഘട്ടത്തിൽ കിഫ്ബി ധനസഹായം ലഭിക്കുന്നതിനായി ടി ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള ടെൻഡർ ഉൾപ്പെടെയുള്ള നടപടികൾ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസി (SPV) |

| | |
|---|---|
| | സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ബന്ധപ്പെട്ട എസ്.പി.വി കൾ കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകൾക്കനുസരണമായി നൽകേണ്ട തുകകൾ കിഫ്ബിയിൽ നിന്നും കോൺട്രാക്ടർ, സപ്ലയർ, സേവനദാതാവ് എന്നിവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്നതാണ്. കൂടാതെ പദ്ധതി നിർവ്വഹണത്തിന്റെ ഓരോ ഘട്ടവും കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി പരിശോധിക്കുകയും ചെയ്യുന്നു. കിഫ്ബിയിലെ ഈ നൂതന സംവിധാനമനുസരിച്ച് പദ്ധതി നടപ്പിലാക്കലും ധനസഹായം നൽകുന്നതും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

## ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

**നമ്പർ 67/2015/ധന.** *തിരുവനന്തപുരം, തീയതി 2015 ജൂലൈ 22.*

## സർക്കുലർ

വിഷയം: —ധനകാര്യ വകുപ്പ്—LAC-ADS—പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: — (1) 11-6-2012-ലെ സ.ഉ(പി) നമ്പർ 332/2012/ധന.
(2) 28-12-2012-ലെ 73/2012/ധന നമ്പർ സർക്കുലർ.

എം. എൽ. എ. മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിന് സമയക്രമം നിശ്ചയിച്ച് സൂചന(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ആസ്തി വികസന പദ്ധതി നിരീക്ഷിക്കാൻ വ്യവസ്ഥാപിത മാർഗ്ഗമില്ലായെന്നും ടി പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി, സാങ്കേതികാനുമതി ഇവ പുറപ്പെടുവിക്കുന്നതിനോ, പൂർത്തീകരിക്കുന്നതിനോ യഥാസമയം ഫണ്ട് ലഭ്യമാക്കുന്നതിനോ കഴിയാത്ത സാഹചര്യമുണ്ടെന്നും ആയതിനാൽ ടി പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ബഹു. നിയമസഭാ സാമാജികർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആസ്തി വികസന പദ്ധതിയിൽ അനുവദിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) എം. എൽ. എ. മാർ ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്ന പ്രവൃത്തി നിർദ്ദേശങ്ങളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ നടപടി സ്വീകരിക്കുകയും ആവശ്യമായ പദ്ധതി രേഖകൾ (Detailed Project Report) ലഭ്യമാക്കുന്നതിനുവേണ്ടി ഭരണ വകുപ്പിലേക്ക് അയയ്ക്കേണ്ടതുമാണ്.

[മറുപുറം

(2) ഭരണ വകുപ്പിൽ നിന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച പദ്ധതി രേഖകൾ (DPR) സഹിതം അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതിയ്ക്കായി ധനകാര്യ വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

(3) ധന വകുപ്പിന് ലഭ്യമാക്കുന്ന പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതി സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തി ഭരണ വകുപ്പിന് മടക്കി നൽകേണ്ടതാണ്.

(4) ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് ഭരണവകുപ്പ് അടുത്ത 10 ദിവസത്തിനുള്ളിൽത്തന്നെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എം. എൽ. എ. മാർക്ക് നൽകേണ്ടതുമാണ്.

(5) ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത 15 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകുകയും കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം എം. എൽ. എ. മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(6) ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ധനവകുപ്പിന് നൽകേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളും കർശനമായി പാലിക്കേണ്ടതാകുന്നു.

**ഡോ. കെ. എം. എബ്രഹാം,**
*അഡീ. ചീഫ് സെക്രട്ടറി (ധനകാര്യം).*

പകർപ്പ്:—

എല്ലാ എം. എൽ. എ. മാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്. എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ. എസ്. എ.) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും.
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
നോഡൽ ഓഫീസർ www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.